ലക്ഷം വീടുകൾക്ക് വിദ്യുച്ഛക്തി കണക്ഷൻ

514 [570] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷംവീടുകൾക്ക് വിദ്യുച്ഛക്തി നൽകുന്നതിന് ഗവൺമെൻറ് മുൻഗണന നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തലശ്ശേരിയിലെ കതിരൂർ, ന്യൂമാഹി പഞ്ചായത്തുകളിലെ ലക്ഷംവീടുകൾക്ക് വിദ്യുച്ഛക്തി നൽകുന്നതിനുള്ള കാലതാമസത്തിന് കാരണമെന്താണ്;

(സി) ഈ കോളനികളിൽ എപ്പോൾ കണക്ഷൻ നൽകാൻ കഴിയും?

ഉത്തരം

(എ) ഉണ്ട്. ലക്ഷംവീട് കോളനികൾക്ക് പ്രത്യേക മുൻഗണന അനുസരിച്ച് വൈദ്യുതി നൽകാൻ, ബോർഡ് 2-2-1986-ൽ ഉത്തരവ് നൽകിയിട്ടുണ്ട്. ഈ ഉത്തരവനുസരിച്ച് പുതിയ ലൈൻ വലിക്കാതെ നിലവിലുള്ള ലൈനിൽ നിന്നും കണക്ഷൻ നൽകുന്നതിന് കൺസ്യൂമർ കോൺട്രിബ്യൂഷനോ, മിനിമം ഗാരൻറിയോ നൽകേണ്ടതില്ല. എന്നാൽ കണക്ഷൻ നൽകുന്നതിനായി ലൈൻ വലിക്കേണ്ടതായുണ്ടെങ്കിൽ ഗുണഭോക്താക്കൾ മിനിമം ഗാരൻറി എഗ്രിമെൻറ് സമർപ്പിക്കേണ്ടതായുണ്ട്.

(ബി, സി) കതിരൂർ പഞ്ചായത്തിലെ എല്ലാ ലക്ഷംവീടുകളും വൈദ്യുതീകരിച്ചു കഴിഞ്ഞു. ന്യൂമാഹി പഞ്ചായത്തിലെ ലക്ഷംവീടു കോളനിയിലെ 42 വീടുകൾ വൈദ്യുതീകരിക്കാൻ 80,000 രൂപ മതിപ്പു ചെലവുള്ള ഒരു എസ്റ്റിമേറിന് അനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. ഗുണഭോക്താക്കൾ മിനിമം ഗാരൻറി എഗ്രിമെൻറ് സമർപ്പിച്ചാൽ പ്രത്യേക മുൻഗണനയനുസരിച്ച് ജോലി ചെയ്തു തീർക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

മലബാർ മേഖലയിലെ വൈദ്യുതി വിതരണം

515 [571] ശ്രീ. ലോനപ്പൻ നമ്പാടൻ:
,, കൊരമ്പയിൽ അഹമ്മദ് ഹാജി:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, കെ. പി. എ. മജീദ്:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, പി. വി. മുഹമ്മദ്: താഴെക്കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ മേഖലയിലെ വൈദ്യുതി വിതരണം നേരെയാക്കാൻ എന്തെല്ലാം നടപടികളാണ് നടപ്പിലാക്കാൻ പോകുന്നത്?

LIBRARY ARCHIVES Kerala Legislative Assembly